**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.775 30.01.2019 -ലെ മറുപടിക്ക്**

**<u>അംബേദ്കർ സ്വയം ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ സ്വയം ഗ്രാമം പദ്ധതിയിൻകീഴിൽ എത്ര കോളനികളാണ് നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 268 കോളനികളെ നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | അംബേദ്കർ സ്വയം ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഒരു കോളനിയിൽ എത്ര കുടുംബങ്ങൾ ഉണ്ടാവണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡം; ഇതു കർശനമായി പാലിക്കപ്പെടുന്നതു കൊണ്ട് നവീകരിക്കപ്പെടേണ്ട പല കോളനികളും ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നാല്പതോ അതിലധികമോ കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്കർ സ്വയം ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കരിങ്കാളി കോളനിയുടെ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകും; വിശദാംശം ലഭ്യമാക്കുമോ? | (സി) | 2019 മാർച്ച് 31-ന് മുമ്പ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ